പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3349. 13.03.2017-ലെ മറുപടിക്ക്

## കൊട്ടാരക്കര കെ.എസ്.ആർ.റ്റി.സി. ഡിപ്പോയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര കെ.എസ്ആർ.റ്റി.സി. ഡിപ്പോയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി നൽകിയ പ്രൊപ്പോസലിൻ മേൽ സ്വീകരിക്കപ്പെട്ട തുടർനടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയുടെ പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന കൊട്ടാരക്കര വില്ലേജിൽ സർവ്വേ നം. 126/12, 126/13, 126/14, 126/15, 126/16, 126/24 എന്നിവയിൽ പെട്ട 43.05 ആർ ഭൂമി എറ്റെടുക്കുന്നതിന് വേണ്ടിയുള്ള ചെക്ക് ലിസ്റ്റും അനുബന്ധ രേഖകളും കൊല്ലം ജില്ലാ കളക്ടർക്ക് അയച്ച നൽകുകയുണ്ടായി. കൂടാതെ താലൂക്ക് സർവയർ ടി സ്ഥലം സർവ്വേ നടത്തുകയും, ആയതിന്റെ സംയുക്ത സ്ഥല പരിശോധന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് മടക്കി അയക്കുകയും 2013-ൽ കേന്ദ്ര ഗവൺമെന്റ് പസാക്കിയ പുതിയ LAR ആക്ട് അനുസരിച്ച് പുതിയ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ (കൊല്ലം) അറിയിക്കുകയുമുണ്ടായി. |
| (ബി) | പ്രസ്തുത പ്രൊപ്പോസലിൻമേൽ റവന്യൂ അധികൃതർ സ്വീകരിച്ച നടപടികളുടെ ലഭ്യമായ വിശദാംശങ്ങൾ നൽകുമോ? | (ബി) | വിവരം ശേഖരിച്ച നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ